**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1429

03.10.2016 ൽ മറുപടിക്ക്

മാട്ടൂൽ പി.എച്ച്.സി.

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിലവിൽ സി.എച്ച്.സി. ആയി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമുള്ള, മത്സ്യത്തൊഴിലാളികളും പാവപ്പെട്ടവരും ആശ്രയിക്കുന്ന, കണ്ണൂർ ജില്ലയിലെ മാട്ടൂൽ പ്രൈമറി ഹെൽത്ത് സെന്റർ, സി.എച്ച്.സി. ആക്കി ഉയർത്തുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | (എ) | കണ്ണൂർ ജില്ലയിലെ മാട്ടൂൽ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന മാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ നിവേദനം ലഭ്യമായിട്ടുണ്ട്. പഴയങ്ങാടി ബ്ലോക്കിലാണ് മാട്ടൂർ പി.എച്ച്.സി സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ബ്ലോക്കിന് കീഴിൽ കുഞ്ഞിമംഗലം രാമൻതളി, മുട്ടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കിടത്തി ചികിത്സയോട്ടുകൂടിയ പഴയങ്ങാടി താലൂക്കാശുപത്രിയും നിലവിലുണ്ട്. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മാട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ പദവി ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും അധിക തസ്തിക സൃഷ്ടിക്കുന്നതിനും ഉള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്നതനുസരിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ